## (61.) ഊന്നുകൽ ലിറ്റിൽ ഫ്ളവർ മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ഒരു നാടിന്റെ സാമൂഹികവും സാംസ്കാരികവും മതപരവുമായ വളർച്ചയിൽ ആരാധനാലയങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. കൃഷിയിൽ അധിഷ്ഠിതമായ ജീവിത രീതി പിന്തുടരുന്ന സാധാരണക്കാരായ ജനങ്ങൾ അധിവസിക്കുന്ന ഗ്രാമമാണ് ഊന്നുകൽ. മതേതരത്വ മൂല്യങ്ങൾ ഉൾക്കൊണ്ട് പരസ്പര സ്നേഹവും വിശ്വാസവും കാത്തുസൂക്ഷിക്കുന്ന മാനവ സമൂഹിന്റെ ആത്മീയതയുടെ ശ്രീകോവിലുകളാണ് ദേവാലയങ്ങൾ. കേരളത്തിലെ പുനഃരൈക്യ പ്രസ്ഥാനിന്റെ അമരക്കാരനായ ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ കത്തോലിക്ക സഭയുമായുള്ള പുനഃരൈക്യത്തിന്റെ അലകൾ മലയാള മണ്ണിൽ അലയടിച്ചുയരുമ്പോൾ ഈ കൊച്ചുഗ്രാമപ്രദേശത്തും അതിന്റെ മാറ്റൊലി മുഴങ്ങുകയുണ്ടായി. അന്തോക്യൻ സഭാ പാരമ്പര്യത്തിൽ അധിഷ്ഠിതമായ ക്രിസ്തീയ വിശ്വാസം തുടർന്നുകൊണ്ട് കത്തോലിക്കാ സഭയുമായി പുനഃരൈക്യപ്പെടുവാൻ ആഗ്രഹിച്ച ഒരു വിശ്വാസ സമൂഹിന്റെ ആത്മസാക്ഷാത്ക്കാരമാണ് ഊന്നുകൽ ലിറ്റിൽ ഫ്ളവർ മലങ്കര കത്തോലിക്ക ദേവാലയം.

### ഇടവക സ്ഥാപനം

ചരിത്രമുറങ്ങുന്ന ചെന്നീർക്കര പ്രദേശത്തിന്റെ വടക്കുഭാഗത്ത് പുനഃരൈക്യ ശില്പിയായ ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ അനുഗ്രഹാശ്ശിസുകളോടെ തിരുവനന്തപുരം അതിരൂപതയുടെ കീഴിൽ നല്ലാനിക്കുന്ന് ഇടവക എന്നറിയപ്പെട്ടിരുന്ന ദേവാലയം 1949-ൽ ഊന്നുകല്ലിൽ സ്ഥാപിതമായി. പരേതനായ ശ്രീ.മുടക്കേനിക്കൽ ഗീവറുഗീസിന്റെ കുടുംബത്തിൽപ്പെട്ട നാലു വീട്ടുകാരും കാവുങ്കൽ പടിഞ്ഞാറ്റേതിൽ (ഉടയൻ പാറയ്ക്കൽ) പരേതനായ ശ്രീ.ദാനിയേലിന്റെ കുടുംബത്തിൽപ്പെട്ട മൂന്ന് വീട്ടുകാരും ആണ് ആദ്യകാല ഇടവകാംഗങ്ങൾ. തുടർന്ന് പരേതനായ കോശി കുന്നുകാലായിലിന്റെ കുടുംബവും ഇടവകയിൽ ചേർന്നു. ഈ മൂന്നു കുടുംബങ്ങളുടെ പ്രതിനിധിയായി ശ്രീ.മുടക്കേനിക്കൽ ഗീവറുഗീസ് അന്ന് സമീപപ്രദേശമായ രാമൻചിറപള്ളിയിലെ വികാരിയായിരുന്ന തോമസ് കൈതനാലിനെ സന്ദർശിക്കുകയും ഊന്നുകല്ലിൽ തങ്ങൾക്ക് ഒരു ഇടവക സ്ഥാപിച്ചുതരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അച്ചൻ ഈ അഭ്യർത്ഥന അനുഭാവപൂർവ്വം പരിഗണിക്കുകയും ശ്രീ.ഗീവറുഗീസ് മുടക്കേനിക്കലിനൊപ്പം തിരുവനന്തപുരത്ത് പോയി മാർ ഇവാനിയോസ് തിരുമേനിയെ കണ്ട് ആവശ്യം അറിയിക്കുകയും ചെയ്തു. തിരുമേനി അതിന് അനുവാദം നൽകുകയും പള്ളിക്ക് അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കാൻ നിർദേശിക്കുകയും ചെയ്തു. അതിൻപ്രകാരം ദേവാലയം സ്ഥിതി ചെയ്യുന്ന ഒരേക്കർ എൺപതുസെന്റ് സ്ഥലം ശ്രീ.ഗീവറുഗീസ് മുടക്കേനിക്കൽ കണ്ടെുകയും 3000 രൂപ വില സമ്മതിച്ച് കരാർ എഴുതിക്കുകയും ചെയ്തു. തുടർന്ന് മലഞ്ചെരുവിൽ മത്തായി സാറും (സിറിൽമാർ സേലിയോസ് കതോലിക്കാ ബാവയുടെ പിതാവ്) കൈതനാലച്ചനും സ്ഥലം സന്ദർശിച്ച് അനുയോജ്യമാണെന്ന് തിരുമേനിയെ ബോധ്യപ്പെടുത്തി. തിരുമേനിയുടെ കല്പനപ്രകാരം വസ്തു തീറാധാരമെഴുതിച്ചു. ഈ വസ്തുവിൽ ഉണ്ടായിരുന്ന ഒരു ചെറിയ വീട് ആരാധന നടത്തുവാൻ ക്രമീകരിക്കുകയുണ്ടായി.

1949-ൽ അന്നത്തെ വികാരി ജനറാലായിരുന്ന ആന്റണി അച്ചനെ തിരുമേനി ഇവിടേക്ക് അയച്ചു. അദ്ദേഹം വളരെ ആഘോഷപൂർവ്വം ആദ്യകുർബാന നടത്തുകയുണ്ടായി. തുടർന്ന് കൈതനാലച്ചൻ ഒന്നിടവിട്ട ഞായറാഴ്ചകളിൽ കുർബാന നടത്തിയിരുന്നു. കൈതനാലച്ചൻ സ്ഥലം മാറിപ്പോകുകയും പകരം ജോഷ്വ കുന്നത്തേത്ത് വികാരിയായി സേവനമനുഷ്ഠിക്കുകയും ചെയ്തു. അതിനു ശേഷം തോമസ് ആമ്പശ്ശേരിൽ ദീർഘകാലം വികാരിയായി പ്രവർത്തിക്കുകയുണ്ടായി. 1954-ൽ ഒരു പുതിയ ദേവാലയം പണിയുന്നതിന് ആലോചനയുണ്ടായി. തോമസ് ആമ്പശ്ശേരിൽ വികാരിയായി സേവനമനുഷ്ഠിക്കുന്ന കാലയളവിൽ ആണ് പുതിയ ദേവാലയിന്റെ പണി പൂർത്തീകരിക്കുന്നത്. 1958-ൽ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമനസ്സ് പുതിയ ദേവാലയത്തിന്റെ കൂദാശകർമ്മം നിർവ്വഹിക്കുകയും ലിറ്റിൽ ഫ്ളവർ മലങ്കര കത്തോലിക്കാ ദേവാലയം എന്ന് നാമകരണം ചെയ്യുകയും ചെയ്തു. 1949 മുതൽ 1958 വരെ പള്ളിക്കു വേണ്ടി വാങ്ങിയ വസ്തുവിൽ ഉണ്ടായിരുന്ന പഴയ കെട്ടിടത്തിൽ ആണ് വി.കുർബാനയും ഇടവക ശുശ്രൂഷകളും നടത്തിയിരുന്നത്. ഈ

കാലഘട്ടത്തിൽ 50-ൽ അധികം കുടുംബങ്ങൾ ഇടവകയിൽ ചേർന്നു പ്രവർത്തിച്ചു. തുടർന്നുള്ള കാലയളവിൽ പല കുടുംബങ്ങളും ജോലി സംബന്ധമായ കാര്യങ്ങളുമായി ബന്ധപ്പെട്ട് ഇടവക വിട്ടുപോകുകയും മറ്റ് സ്ഥലങ്ങളിൽ നിന്ന് ഉള്ളവർ ഇടവകയിൽ അംഗങ്ങൾ ആകുകയും ചെയ്തു. നിലവിൽ 75 കുടുംബങ്ങൾ ഇടവകയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

**പള്ളിമേട**

1972 കാലയളവിൽ മാത്യു ഏഴാനിക്കാട് (സി.മാത്യു അച്ചൻ) അച്ചൻ വികാരിയായി സേവനമനുഷ്ഠിക്കുമ്പോൾ ഒരു പള്ളിമേട പണിയുന്നതിനെ സംബന്ധിച്ച ആലോചനയുണ്ടായി. തുടർന്ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ അനുമതിയോടെ 1978-ൽ പള്ളിമേടയുടെ പണി ആരംഭിച്ചു. ഫാ.ഡേവിഡ് ഇല്ലിരിക്കൽ, ഫാ.തോമസ് പണിക്കർ എന്നിവർ പള്ളിമേടയുടെ പണിക്ക് നേതൃത്വം വഹിച്ചു. തുടർന്ന് വികാരിയായിരുന്ന ഫാ.ജേക്കബ് പുത്തൻവിള പള്ളിമേടയുടെ പണി പൂർത്തിയാക്കുകയും 1982-ൽ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് പള്ളിമേട കൂദാശ ചെയ്ത് ഇടവകയ്ക്ക് സമർപ്പിക്കുകയും ചെയ്തു. 2001 വരെ പള്ളിമേടയിൽ വൈദികർ സ്ഥിരതാമസം ഉണ്ടായിരുന്നില്ല. ഓമല്ലൂർ ദേവാലയത്തിൽ സേവനമർപ്പിച്ചുകൊണ്ട് ഈ ദേവാലയത്തിലും വൈദികർ ശുശ്രൂഷ ചെയ്തുവന്നു. 2001-ൽ ഫാ.തോമസ് ബാബു പെരുവായ്ക്കാട് ഇവിടെ വികാരിയായി ചുമതലയേൽക്കുകയും പള്ളിമേടയിൽ സ്ഥിരതാമസം ആരംഭിക്കുകയും ചെയ്തു. തുടർന്നുള്ള വൈദികർ ഇവിടെ സ്ഥിരമായി താമസിച്ച് ശുശ്രൂഷ ചെയ്തുവരുന്നു. 2013, 2019 കാലയളവിൽ പള്ളിമേടയിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കി.

1983-ൽ വർഗീസ് ഇടത്തിൽ അച്ചൻ വികാരിയായിരുന്നപ്പോൾ പള്ളിവസ്തുവിൽ റബർ കൃഷി ആരംഭിക്കുകയും വസ്തുവിന് ചുറ്റുംമുള്ളുവേലി സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് പ്രവേശന കവാടത്തിൽ മതിലും ഗേറ്റും നിർമ്മിച്ചു. 1988-ൽ കത്ബർട്ട് അച്ചൻ പ്രവേശനകവാടത്തിന് സമീപം വി.കൊച്ചുത്രേസ്യയുടെ കുരിശടി സ്ഥാപിച്ചു. അക്രൈസ്തവരിൽ പോലും വിശ്വാസം വളർത്തുന്ന ഒരു കുരിശടിയായി അത് നിലനിന്നിരുന്നു. 2002-ൽ തോമസ് ബാബു അച്ചൻ വികാരിയായിരുന്നപ്പോൾ ദേവാലയത്തിന്റെ മദ്ബഹാ പുതുക്കിപണിയാൻ തീരുമാനിച്ചു. തുടർന്ന് വികാരിയായി ചുമതലയേറ്റ സാംജി പരുവേലിൽ അച്ചൻ അതിരൂപതാ അദ്ധ്യക്ഷൻ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ അനുമതിയോടെ പണി ആരംഭിക്കുകയും ഫാ.ജോൺ താഴെയിൽ വികാരിയായിരുന്ന കാലയളവിൽ പണി പൂർത്തിയാക്കുകയും 2005 ഒക്ടോബർ 2-ന് തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാനായിരുന്ന അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് നവീകരിച്ച മദ്ബഹായുടെയും ദേവാലയത്തിന്റെയും കൂദാശ നിർവ്വഹിക്കുകയും ചെയ്തു. 1999-2001 കാലയളവിൽ വികാരിയായിരുന്ന സ്റ്റീഫൻ മാത്യു അച്ചൻ വസ്തുവിന്റെ അതിർമതിലുകെട്ടി സുരക്ഷിതമാക്കി. 2010-ൽ വികാരിയായിരുന്ന ക്രിസ്റ്റി തേവള്ളിൽ അച്ചൻ ആധുനിക രീതിയിൽ ഉള്ള ശൗചാലയം പണി കഴിപ്പിച്ചു. ഈ കാലയളവിൽ തന്നെ പള്ളിയുടെ രണ്ടു വശത്തും ഷീറ്റ് ഇറക്കുകയും മുറ്റം ഇന്റർലോക്ക് ചെയ്യുകയും ചെയ്തു. ഇടവകയുടെ സ്ഥാപക പ്രവർത്തകരിൽ ഒരാളായ ഉടൻപാറയ്ക്കൽ ശ്രീ.ഡാനിയേലിന്റെ സ്മരണാർത്ഥം പ്രസ്തുത കുടുംബം ഒരു പ്രവേശന കവാടം നിർമ്മിച്ചു നൽകി. 2015-ൽ മാത്യു മാടപ്പള്ളിൽ അച്ചൻ വികാരിയായിരുന്നപ്പോൾ പത്തനംതിട്ട രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി കൂദാശ ചെയ്ത് ഇടവകയ്ക്ക് സമർപ്പിച്ചു. പ്രവേശന കവാടം മുതൽ പള്ളി വരെയുള്ള ഭാഗം ടാറിംഗ് ചെയ്തു. 2019-ൽ മോണ്ടളം പണി കഴിപ്പിക്കുകയും പള്ളിയുടെ അകവും പുറവും പെയിന്റിംഗ് നടത്തി ഭംഗിയാക്കുകയും പള്ളിയുടെ മേൽക്കൂര മാറ്റി പുതിയതാക്കുകയും ബാക്കി ഭാഗങ്ങൾ മോടി പിടിപ്പിക്കുകയും ചെയ്തു.

**ഇടവകയിലെ പ്രധാന ആചാരങ്ങൾ**

**ഇടവകത്തിരുന്നാൾ**- ഇടവകയുടെ മധ്യസ്ഥയായിരിക്കുന്ന വി.കൊച്ചുത്രേസ്യാ പുണ്യവതിയുടെ ജനനിരുന്നാൾ എല്ലാ വർഷവും ഒക്ടോബർ ആദ്യവാരം ഇടവകത്തിരുന്നാളായി ആചരിക്കുന്നു.

**ഇടവകദിനം –** എല്ലാവർഷവും ആനിദേ ഞായർ ഇടവക ദിനമായി പ്രാർത്ഥനാപൂർവ്വം നടത്തി വരുന്നു. കുടുംബസംഗമവും ഭക്തസംഘടനകളുടെ വാർഷികവും അന്നേദിവസം നടത്തപ്പെടുന്നു.

**ഭക്തസംഘടനകൾ**

**1. പ്രാർത്ഥനായോഗങ്ങൾ –** ഇടവകയിലെ കുടുംബങ്ങളെ സെന്റ് ജോർജ്ജ്, സെന്റ് ജ്യൂഡ്, സെന്റ് ഗ്രിഗോറിയോസ്, സെന്റ് ത്രേസ്യാ എന്നിങ്ങനെ നാല് ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഞായറാഴ്ചയും വീടുകൾ കേന്ദ്രീകരിച്ച് പ്രാർത്ഥനായോഗം നടത്തുന്നു.

**2. മാതൃവേദി –** 1979 മെയ് 13 ന് ഹു.ഡേവിഡ് ഇല്ലിരിക്കൽ അച്ചൻ വികാരിയായിരിക്കുമ്പോൾ ആണ് മാതൃവേദി ആരംഭിക്കുന്നത്. ഇടവകയിലെ അമ്മമാർ എല്ലാ വെള്ളിയാഴ്ചയും ദേവാലയിൽ ഒുകൂടി പ്രാർത്ഥന നടുകയും രോഗീ സന്ദർശനം നടുകയും ചെയ്യുന്നു.

**3. എം.സി.വൈ.എം. –** ഇടവകയുടെ ആരംഭകാലത്ത് തന്നെ ലിറ്റിൽ വേ അസോസിയേഷൻ എന്ന പേരിൽ ഒരു യുവജനസംഘടന പ്രവർത്തിച്ചിരുന്നു. മലങ്കര സഭയിൽ എം.സി.വൈ.എം.രൂപീകരിച്ചതോടു കൂടി ഇടവകയിലും ഒരു എം.സി.വൈ.എം.യൂണിറ്റ് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

**4. വിൻസന്റ് ഡി പോൾ സൊസൈറ്റി –** മാത്യു മാടപ്പള്ളിയിൽ വികാരയായിരുന്നപ്പോൾ 2016-ൽ ഇടവകയിൽ വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ ഒരു കോൺഫറൻസ് ആരംഭിക്കുകയും ഇന്ന് കാര്യക്ഷമായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു.

**5. വിശ്വാസ പരിശീലനം –** ഇടവകയുടെ ആരംഭകാലത്ത് തന്നെ മതബോധനപ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ശ്രീ.വി.സി.തോമസ് വട്ടയിൽ, ശ്രീ.എം.ജി. പാപ്പി മുടക്കേനിക്കൽ, ശ്രീ.വി.എം.യോഹന്നാൻ ചേമ്പാലേത്ത് എന്നിവർ ആദ്യകാലത്ത് മതബോധന ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയിരുന്നു. ഇന്ന് ഒന്നു മുതൽ 12 വരെ ക്ലാസ്സുകളിൽ വിശ്വാസ പരിശീലനം കുട്ടികൾ നടത്തുന്നു. നഴ്സറി ക്ലാസും നടത്തി വരുന്നു.

**6. ദൈവവിളി –** ഫാ.ജോൺസൺ ചരിവുകാലായിൽ : ഊന്നുകൽ ഇടവക ദൈവകൃപയുടെ സമൃദ്ധിയിൽ വളർന്നു നിൽക്കുമ്പോൾ 1984 ഡിസംബർ 19-ന് മലങ്കര സഭാദ്ധ്യക്ഷൻ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്ന് വൈദിക പട്ടം സ്വീകരിച്ചു. തിരുവനന്തപുരം, അതിരൂപതയുടെ വിവിധ മണ്ഡലങ്ങളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു വരുന്നു.

**7. ഇടവക ശുശ്രൂഷകർ –** ശ്രീ.ഗീവറുഗീസ് ഉടയൻപാറക്കൽ ശ്രീ.ചെറിയാൻ വർഗീസ് പനയ്ക്കൽ, ശ്രീ.വർഗീസ് കോശി, വലിയ വടക്കേതിൽ എന്നിവർ കാലാകാലങ്ങളിൽ ഇടവക ശുശ്രൂഷകരായി പ്രവർത്തിച്ചിരുന്നു.

**ഇടവക വികാരിമാർ**

| | | |
|---|---|---|
| 1. ഫാ. തോമസ് കൈതനാൽ | - | 1949-1952 |
| 2. ഫാ. ജോഷ്വാ കുന്നത്തേത്ത് | - | 1952-1954 |
| 3. ഫാ. തോമസ് ആമ്പശ്ശേരിൽ | - | 1954-1961 |
| 4. ഫാ. തോമസ് പ്ലാവിളയിൽ | - | 1961-1963 |
| 5. ഫാ. മാത്യു തുരുത്തിയിൽ | - | 1963-1964 |
| 6. ഫാ. തോമസ് പൊൻമേലിൽ | - | 1965-1968 |
| 7. ഫാ. ജോൺ കോന്നിയൂർ | - | 1969-1971 |

| | | |
|---|---|---|
| 8. ഫാ. മാത്യു ഏഴാനിക്കാട്ട് | - | 1972 - 1979 |
| 9. ഫാ. ഡേവിഡ് ഇല്ലിരിക്കൽ | - | 1979 - 1979 |
| 10. ഫാ. തോമസ് പണിക്കർ | - | 1979 - 1981 |
| 11. ഫാ. ജേക്കബ് പുത്തൻവിള | - | 1981 - 1983 |
| 12. ഫാ. വർഗീസ് ഇടത്തിൽ | - | 1983 - 1986 |
| 13. ഫാ. കത്ബർട്ട് കപ്പൂച്ചിൻ | - | 1987 - 1989 |
| 14. ഫാ. ഇടുക്കിള പാണ്ടിയത്ത് | - | 1989 - 1990 |
| 15. ഫാ. ഗീവറുഗീസ് ചെങ്കിലേത്ത് | - | 1990 - 1991 |
| 16. ഫാ. ജോർജ്ജ് പ്ലാവിളയിൽ | - | 1991 - 1994 |
| 17. ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി | - | 1994 - 1995 |
| 18. ഫാ. ലൂയിസ് ഫിലിപ്പ് | - | 1995 - 1997 |
| 19. ഫാ. തോമസ് പൊൻമേലിൽ | - | 1997 - 1998 |
| 20. ഫാ. സ്റ്റീഫൻ മാത്യു | - | 1998 - 2001 |
| 21. ഫാ. തോമസ് ബാബു | - | 2001 - 2002 |
| 22. ഫാ. സാം ജി. പാരുവേലിൽ | - | 2002 - 2003 |
| 23. ഫാ. സഖറിയാസ് നെടിയകാലായിൽ | - | 2003 - 2004 |
| 24. ഫാ. ജോൺ താഴയിൽ | - | 2004 - 2007 |
| 25. ഫാ. സാമുവൽ ഇടമണ്ണിൽ | - | 2007 - 2010 |
| 26. ഫാ. ക്രിസ്റ്റി തേവള്ളിൽ | - | 2010 - 2014 |
| 27. ഫാ. മാത്യു മാടപ്പള്ളിൽ | - | 2014 - 2019 |
| 28. ഫാ. അജോ ജോസ് എരുത്തിൽവിളയിൽ | - | 2019 - 2020 |
| 29. ഫാ. ഡോ.ജോൺ ശങ്കരത്തിൽ | - | 2020 |

പുത്തൻപീടിക, ചീക്കനാൽ ബഥനി സന്യാസിനി സമൂത്തിൽ നിന്നുള്ള സിസ്റ്റേഴ്സും, തെക്കേമല, മഞ്ഞനിക്കര ഗത്സമൻ സന്യാസിനി സമൂഹത്തിൽ നിന്നുള്ള സിസ്റ്റേഴ്സും കാലാകാലങ്ങളായി ദേവാലയിൽ ശുശ്രൂഷ ചെയ്തു വരുന്നു.